# STD - I

## അദ്ധ്യാപക സഹായി

## പാഠം - ഏഴ് നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ഭാഗം - ഒന്ന്

### ലക്ഷ്യം

ജ്ഞാനസ്നാന സമയത്ത് ദൈവത്തിന്റെ ആത്മാവ് നമ്മിൽ എഴുന്നള്ളിവരുന്നു. എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയാൽ ഞാൻ എല്ലാവരേയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ചിത്രം - യേശുവിന്റെ ജ്ഞാനസ്നാനം
* വചനം - ലൂക്കാ. 3:22
* വീഡിയോ - ഒരു കുഞ്ഞിന്റെ ജ്ഞാനസ്നാന സ്വീകരണത്തിന്റെ
* ഇടവകയിൽ നടക്കുന്ന ജ്ഞാനസ്നാന സ്വീകരണ കർമ്മത്തിൽ കുട്ടികളെ പങ്കെടുപ്പിക്കൽ

### പാഠത്തിന്റെ ഉള്ളടക്കം

* ഇടവകയാകുന്ന കുടുംബത്തിൽ ജ്ഞാനസ്നാനമെന്ന കൂദാശകർമ്മത്തിലൂടെ കുഞ്ഞിനെ സ്വീകരിക്കുന്നു.
* ജ്ഞാനസ്നാന സമയത്ത് മാതാപിതാക്കളും ബന്ധുക്കളും പങ്കെടുക്കുന്നു.
* ജ്ഞാനസ്നാന സമയത്ത് പരിശുദ്ധാത്മാവിന്റെ വെളിച്ചം കുഞ്ഞിൽ നിറയുന്നു.
* യേശുവിന്റെ ജ്ഞാനസ്നാനം - പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവ്
* ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്
* പരിശുദ്ധാത്മാവ് ജ്ഞാനസ്നാനം സ്വീകരിച്ച കുഞ്ഞിൽ വസിക്കുന്നു.
* പരുശുദ്ധാത്മാവ് കുഞ്ഞിനെ സ്നേഹിക്കാൻ പഠിപ്പിക്കുന്നു.
* പരിശുദ്ധാത്മാവ് കുഞ്ഞിനെ നന്മചെയ്യുവാൻ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു.
* ജ്ഞാനസ്നാനത്തെ മാമ്മോദീസയെന്നും വിളിക്കപ്പെടുന്നു.

### പ്രാർത്ഥന

ഞങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവായ ദൈവമേ, എല്ലാവരേയും സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. ഇടവകയാകുന്ന കുടുംബത്തിൽ ഒരു കുഞ്ഞിനെ ആദ്യമായി സ്വീകരിക്കുന്ന ചടങ്ങിനെ എന്തുപറയും?
2. ജ്ഞാനസ്നാന സമയത്ത് ആരാണ് നമ്മിൽ എഴുന്നുള്ളിവരുന്നത്?
3. ദൈവത്തിന്റെ ആത്മാവിന്റെ പേരെന്താണ്?
4. ആരാണ് നമ്മെ സ്നേഹിക്കാൻ പഠിപ്പിക്കുന്നത്?
5. നമുക്ക് നന്മ ചെയ്യാൻ ശക്തിതരുന്നത് ആരാണ്?

# STD - I

## അദ്ധ്യാപക സഹായി

## പാഠം - ഏഴ്    നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ്    ഭാഗം - രണ്ട്

### ലക്ഷ്യം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആണ് ക്രിസ്ത്യാനികൾ മാമ്മോദീസ സ്വീകരിക്കുന്നത്. ഞാൻ പിതാവിന്റെയും പുത്രന്റെയും പരിശദ്ധാത്മാവിന്റെയും നാമത്തിൽ കുരിശടയാളത്താൽ ദൈവത്തെ മഹത്വപ്പെടുത്തുകയും എല്ലാ പ്രവർത്തനങ്ങൾക്കും മുമ്പ് പ്രാർത്ഥിക്കുകയും ചെയ്യും.

### പഠനസഹായികൾ

* കുരിശടയാളത്തിന്റെ വീഡിയോ
* പരിശുദ്ധാത്മാവിന്റെ സവിശേഷതകൾ എഴുതിയ ചാർട്ട്
* ഉണ്ണിക്കവിത * പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പാട്ട്
* CCC-232, 265 (പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ)
* CCC-692, 693 (പരിശുദ്ധാത്മാവിന്റെ സംജ്ഞകൾ - പേരുകൾ)

### പാഠത്തിന്റെ ഉള്ളടക്കം

* പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസ സ്വീകരിക്കുന്നു.
* പരിശുദ്ധാത്മാവിന്റെ സവിശേഷതകൾ
* പരിശുദ്ധാത്മാവ് - ദൈവമാണ്, ശക്തിയാണ്, ആശ്വാസദായകനാണ്, സത്യത്തിന്റെ ആത്മാവാണ് വാഗ്ദാനത്തിന്റെ ആത്മാവാണ്, മഹത്ത്വത്തിന്റെ ആത്മാവാണ്, ക്രിസ്തുവിന്റെ ആത്മാവാണ്, കർത്താവിന്റെ ആത്മാവാണ്.
* എല്ലാ പ്രവർത്തനങ്ങൾക്കും മുമ്പ് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം
* കുരിശടയാളം - പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

### പ്രാർത്ഥന

പരിശുദ്ധാത്മാവായ ദൈവമേ, എല്ലാക്കാര്യങ്ങളും ചെയ്യുന്നതിനുമുമ്പ്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അങ്ങയോട് പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. എല്ലാ പ്രവർത്തനങ്ങൾക്കുമുമ്പും ആരോടാണ് നമ്മൾ പ്രാർത്ഥിക്കേണ്ടത്?
2. ചെറിയ കുരിശടയാളവും, വലിയ കുരിശടയാളവും ചൊല്ലി വരയ്ക്കുക
3. ത്രിത്വസ്തുതി പ്രാർത്ഥന എങ്ങനെയാണ് ചൊല്ലേണ്ടത്?
4. ഉണ്ണി പറഞ്ഞു നമ്മോട് - ഉണ്ണിക്കവിത ചൊല്ലുക
5. പരിശുദ്ധാത്മാവിന്റെ സവിശേഷതകൾ, മറ്റു പേരുകൾ എന്തെല്ലാം?